ഒരു കോടി രൂപയിൽ നിന്നും 3 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, 6-5-2009-ലെ 8493/സി.പി.എം.യു(1)/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം പുതിയ പദ്ധതി, തുടരുന്ന പദ്ധതി, സ്പിൽ ഓവർ പദ്ധതി എന്നിവയും പുനർ നിർവ്വചിച്ച് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവും ചീഫ് സെക്രട്ടറി ഗവൺമെന്റ് സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തുകയും പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം നൽകാറുമുണ്ട്.

(ബി) ഭരണാനുമതി നൽകിക്കഴിഞ്ഞ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് അനാവശ്യ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാറുണ്ട്. എന്നാൽ നിർമ്മാണ വസ്തുക്കളുടെ ഭൗർലഭ്യം, പ്രതികൂല കാലാവസ്ഥ, നിയന്ത്രണാതീതമായ മറ്റു കാരണങ്ങൾ എന്നിവയാൽ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുകയാണെങ്കിൽ ഇത് തരണം ചെയ്യാൻ വേണ്ട പ്രായോഗിക നടപടികൾ സ്വീകരിക്കാറുണ്ട്.

പശ്ചിമഘട്ട വികസന പദ്ധതി

20 (1552) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര നീർത്തടാധിഷ്ഠിത വികസന പദ്ധതികളുടെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത് ; അവ ഏതൊക്കെ ; എത്ര വർഷം കൊണ്ടാണ് ഇവ പൂർത്തിയാക്കേണ്ടത് ; പദ്ധതി പൂർത്തീകരിക്കുമ്പോഴേക്കും, ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് ചെലവഴിക്കേണ്ടി വരിക എന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ ; ഏതൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) റാന്നി, സീതത്തോട് എന്നീ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച്, പശ്ചിമഘട്ട വികസന പദ്ധതിയിലുൾപ്പെടുത്തി, ഇത്തരം മണ്ണ് - ജല സംരക്ഷണ പദ്ധതികൾക്ക് ഇതേവരെ അനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റാന്നി നിയോജക മണ്ഡലത്തിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെട്ട നീർത്തടങ്ങളുടെ വിശദമായ ലിസ്റ്റ് (30-11-2010 വരെയുള്ളത്) ചുവടെ ചേർത്തിരിക്കുന്നു.

നമ്പർ	നീർത്തടം	ഏരിയ (Ha)	പഞ്ചായത്ത്	നിർവ്വഹണ ഏജൻസി	വർഷം	തുക (WGDP) രൂപയിൽ
(1)	(2)	(3)	(4)	(5)	(6)	(7)
1.	എറ്റിച്ചുവട്	1150	റാന്നി-അങ്ങാടി, പഴവങ്ങാടി	റാന്നി-അങ്ങാടി,	2000-01	10.00
					2001-02	18.50
					2002-03	6.16
					2003-04	10.00
					2004-05	6.00
					ആകെ	49.66
2.	നരിക്കുഴി	650	വടശ്ശേരിക്കര	വടശ്ശേരിക്കര	2006-07	15.75
					2007-08	12.00
					ആകെ	27.75
3.	കിടങ്ങാമുഴി	700	വടശ്ശേരിക്കര	വടശ്ശേരിക്കര	2006-07	13.65
					2007-08	17.55
					ആകെ	31.20
4.	നെല്ലിക്കമൺ	925	റാന്നി-അങ്ങാടി, പഴവങ്ങാടി	റാന്നി-അങ്ങാടി,	2006-07	21.00
					2007-08	22.20
					2009-10	23.93
					ആകെ	67.13
5.	പ്ലാച്ചേരിത്തോട്	305	റാന്നി-പഴവങ്ങാടി	റാന്നി-പഴവങ്ങാടി	2007-08	4.80
					2009-10	10.17
					ആകെ	14.97
6.	കുറുമ്പൻമുഴി	245	വെച്ചൂച്ചിറ	വെച്ചൂച്ചിറ	2008-09	3.56
					ആകെ	3.85
7.	പെരുന്തേനരുവി	750	വെച്ചൂച്ചിറ	വെച്ചൂച്ചിറ	2008-09	11.81
					ആകെ	11.81

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)
8.	നീലിപ്ലാവ്	350	ചിറ്റാർ	ചിറ്റാർ	2009-10	5.51
					ആകെ	5.51
9.	ചിറ്റാർതോട്	525	ചിറ്റാർ	ചിറ്റാർ	2009-10	8.26
					ആകെ	8.26
10.	മുളംകുന്നിൽപ്പടി	502	റാന്നി-പെരുനാട്	റാന്നി-പെരുനാട്	2009-10	7.90
					ആകെ	7.90
11.	മുണ്ടൻപാറ	360	സീതത്തോട്	സീതത്തോട്	2010-11	5.67
					ആകെ	5.67
12.	കലമാൻകുഴി തോട്	385	വെച്ചൂച്ചിറ	സൗഗന്ധിക ചാരിറ്റബിൾ സൊസൈറ്റി	2010-11	6.06
					ആകെ	6.06

മേൽപ്പറഞ്ഞിരിക്കുന്നവയിൽ ഏറ്റിച്ചുവട് നീർത്തട പദ്ധതി മാത്രമേ പൂർത്തീകരിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളൂ. ബാക്കി എല്ലാ പദ്ധതികളും നിലവിൽ ഇപ്പോൾ നടന്നുവരുന്നതാണ്. 5-10-2002-ലെ ജി.ഒ.(എം.എസ്.) നമ്പർ.43/2002/പ്ലാനിംഗ് മാർഗ്ഗരേഖ അനുസരിച്ച് സാധാരണഗതിയിൽ മൂന്ന് വർഷങ്ങളിലായിട്ടാണ് നീർത്തട പദ്ധതി പൂർത്തിയാക്കേണ്ടത്. പദ്ധതിയുടെ ആകെ ട്രീറ്റബിൾ ഏരിയ ഹെക്ടറിൽ കണക്കാക്കി ഹെക്ടറൊന്നിന് രൂപ 7500 (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതമാണ് അനുവദിക്കുന്നത്. ഈ തുക മൂന്ന് ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്. തുക അനുവദിക്കുന്നതിനായി ഓരോ വർഷവും ജില്ലാതല ഏകോപന സമിതിയുടെ ശുപാർശ സഹിതമുള്ള പ്രൊപ്പോസൽ അതതു ജില്ലകളിൽനിന്നും സമർപ്പിക്കേണ്ടതാണ്. മൊത്തം പ്രോജക്ട് അടങ്കലിന്റെ 80% തുകമാത്രമാണ് ഇപ്രകാരം പശ്ചിമഘട്ട വിഹിതമായി അനുവദിക്കുന്നത്. ബാക്കി 10% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിക്കുള്ള പ്രൊപ്പോസലിൽ പശ്ചിമഘട്ട വിഹിതവും ഗുണഭോക്തൃ വിഹിതവും തരംതിരിച്ചുള്ള പ്രൊപ്പോസലാണ് ജില്ലാതല ഏകോപന സമിതിയുടെ ശുപാർശ സഹിതം പശ്ചിമഘട്ടസെല്ലിൽ സമർപ്പിക്കേണ്ടത്. ഇതിൻപ്രകാരം അനുവദിക്കുന്ന തുകയിൽ 80% വികസന പ്രവർത്തനങ്ങൾക്കായും 20% പദ്ധതിയുടെ നടത്തിപ്പു ചെലവുകൾക്കായുമാണ് വിനിയോഗിക്കേണ്ടത്. വികസനപ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന 80% തുകയുടെ വിനിയോഗത്തിൽ പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾക്ക് 52.5% തുകയും ഉത്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്ക് 20% തുകയും വരുമാനദായകപ്രവർത്തനങ്ങൾക്ക് 7.5% തുകയും ചെലവഴിക്കുന്ന തരത്തിലുള്ള സമഗ്രമായ പദ്ധതി പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി&സി) സീതത്തോട് ഗ്രാമപഞ്ചായത്തിൽ നടപ്പു സാമ്പത്തിക വർഷം (2010-11) മുണ്ടൻപാറ നീർത്തടപദ്ധതി പുതുതായി അനുവദിച്ചിട്ടുണ്ട്. പ്രകൃതി തന്നെ അതിർത്തി നിർണ്ണയിക്കുന്ന നീർത്തടത്തിന്റെ ജില്ല തിരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണനാക്രമം വിവിധ മാനദണ്ഡങ്ങൾ അനുസരിച്ച് സോയിൽ സർവ്വേ തയ്യാറാക്കി അവ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ ജില്ലയ്ക്കും പ്രത്യേകം വാട്ടർഷെഡ് അറ്റ്ലസ് ലഭ്യമാക്കിയിരിക്കുന്നു. അതിൽ അറിയിച്ചിരിക്കുന്ന മുൻഗണന അനുസരിച്ച് ഓരോ ജില്ലകളിലെയും ജില്ലാതല ഏകോപന സമിതി അതതു വർഷത്തേക്കുള്ള നീർത്തടങ്ങൾ തെരഞ്ഞെടുക്കുകയും അത് സമിതിയുടെ ശുപാർശ സഹിതം പശ്ചിമഘട്ട സെല്ലിലേക്ക് അനുമതിക്കായി അയച്ചുതരികയുമാണ് ചെയ്യുന്നത്. ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസലുകൾ പശ്ചിമഘട്ട സെല്ലിൽനിന്നും ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന്റെ ആസൂത്രണ കമ്മീഷനിലേക്ക് അയയ്ക്കുകയും അംഗീകാരം തേടുകയുമാണുള്ളത്. അങ്ങനെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് കേരള ഗവൺമെന്റ് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു. ആയതിനാൽ അനുമതി ലഭ്യമാക്കുന്നത് പൂർണ്ണമായും അതത് ജില്ലാതല ഏകോപന സമിതിയുടെ ചുമതലയിൽ വരുന്ന വിഷയമാണ്. പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിൽപ്പെട്ട റാന്നി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നീർത്തടപദ്ധതികൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ലെന്നുള്ള വിവരവും ഇതിനാൽ അറിയിക്കുന്നു.

എല്ലാ ജില്ലകളിലും സയൻസ് സിറ്റികൾ

21 (1553) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും, ശാസ്ത്രാവബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും "സയൻസ് സിറ്റികൾ" സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ കാലികമായി അവസ്ഥ വ്യക്തമാക്കാമോ ;

(സി) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് "സയൻസ് സിറ്റി" സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശാസ്ത്രാവബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ശാസ്ത്ര പോഷിണി
2. സ്കീം ഫോർ പ്രൊമോഷൻ ഓഫ് യങ്ങ് ടാലന്റ്സ് ഇൻ സയൻസ് (സ്പൈറ്റിസ്)
3. സ്റ്റുഡന്റ് പ്രോജക്ട് സ്കീം
4. ഫെല്ലോഷിപ്പ് സ്കീം

LIBRARY ARCHIVES Kerala Legislative Assembly